## മധുരമായ കുട്ടികളെ - ബാബ നിങ്ങളെ എന്ത് ജ്ഞാനമാണോ പഠിപ്പിക്കുന്നത്, ഇതിൽ തന്ത്രമന്ത്രത്തിന്റെ ഒരു കാര്യവുമില്ല, പഠിപ്പിൽ ഒരു മന്ത്രവാദത്തിലൂടെയും കാര്യം നടക്കില്ല

**ചോദ്യം:-** ദേവതകളെ ബുദ്ധിശാലികൾ എന്നു പറയും, എന്നാൽ മനുഷ്യരെ അങ്ങനെ പറയാറില്ല- എന്തുകൊണ്ട്?

**ഉത്തരം:-** എന്തുകൊണ്ടെന്നാൽ ദേവതകൾ സർവ്വഗുണ സമ്പന്നരാണ് എന്നാൽ മനുഷ്യരിൽ ഒരു ഗുണവുമില്ല. ദേവതകൾ ബുദ്ധിശാലികളാണ് അതിനാലാണ് മനുഷ്യർ അവരുടെ പൂജ ചെയ്യുന്നത്. അവരുടെ ബാറ്ററി ചാർജുള്ളതാണ് അതിനാൽ അവരെ സ്വർണ്ണനാണയത്തോളം വിലയുള്ളവർ എന്ന് പറയുന്നു. എപ്പോൾ ബാറ്ററിയിലെ ചാർജ് തീരുന്നുവോ അപ്പോൾ കാലണയ്ക്ക് വിലയില്ലാത്തതായി തീരുന്നു അപ്പോഴാണ് ബുദ്ധിയില്ലാത്തവർ എന്നു പറയുന്നത്.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇത് പാഠശാലയാണ്. ഇത് പഠിപ്പാണ്. ഈ പഠിപ്പിലൂടെ ഈ പദവി പ്രാപ്തമാകുന്നു, ഇതിനെ സ്ക്കൂൾ അഥവാ യൂണിവേഴ്സിറ്റി എന്നു മനസ്സിലാക്കണം. ഇവിടേയ്ക്ക് ദൂര ദൂരങ്ങളിൽ നിന്നും പഠിക്കുന്നതിനായി വരുന്നു. എന്ത് പഠിക്കാനാണ് വരുന്നത്? ഈ പ്രധാന ലക്ഷ്യം ബുദ്ധിയിലുണ്ട്. നമ്മൾ പഠിപ്പ് പഠിക്കാൻ വരികയാണ്, പഠിപ്പിക്കുന്നവരെ ടീച്ചർ എന്ന് വിളിക്കും. ഗീത ഭഗവാൻ ഉച്ചരിച്ചതാണ്. രണ്ടാമത് ഒരു കാര്യവുമില്ല. ഗീത പഠിപ്പിച്ച ആളുടെ പുസ്തകമുണ്ട്, എന്നാൽ പുസ്തകത്തിലുള്ള ഒന്നും പഠിപ്പിക്കുന്നില്ല. ഗീത കയ്യിലില്ല. ഇത് ഭഗവാന്റെ വാക്കുകളാണ്. മനുഷ്യനെ ഭഗവാൻ എന്ന് പറയില്ല. ഉയർന്നതിലും ഉയർന്ന ഭഗവാൻ ഒന്നേയുള്ളു. മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം- ഇതാണ് മുഴുവൻ വിശ്വം. കളി മൂലവതനത്തിലോ സൂക്ഷ്മവതനത്തിലോ അല്ല നടക്കുന്നത്, നാടകം ഇവിടെത്തന്നെയാണ് നടക്കുന്നത്. 84 ന്റെ ചക്രവും ഇവിടെയാണ്. ഇതിനെയാണ് 84 ജന്മങ്ങളുടെ നാടകത്തിന്റെ ചക്രം എന്ന് പറയുന്നത്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. ഇത് മനസ്സിലാക്കേണ്ട വളരെ വലിയ കാര്യമാണ് എന്തെന്നാൽ ഉയർന്നതിലും ഉയർന്ന ഭഗവാനിൽ നിന്നാണ് നിങ്ങൾക്ക് മതം ലഭിക്കുന്നത്. രണ്ടാമത് ഒരു വസ്തുവുമില്ല. സർവ്വശക്തിവാൻ, മുഴുവൻ വിശ്വത്തിന്റേയും പരമാധികാരി എന്ന് ഒരേയൊരാളെത്തന്നെയാണ് പറയുന്നത്. അധികാരി എന്നതിന്റെ അർത്ഥവും സ്വയം മനസ്സിലാക്കിത്തരുന്നു. ഇത് മനുഷ്യർ മനസ്സിലാക്കുന്നില്ല എന്തുകൊണ്ടെന്നാൽ അവർ എല്ലാവരും തമോപ്രധാനമാണ്, ഇതിനെയാണ് കലിയുഗം എന്നു പറയുന്നത്. ചിലർക്ക് സത്യയുഗമാണ്, ചിലർക്ക് ത്രേതയാണ്, ചിലർക്ക് കലിയുഗമാണ് ഇങ്ങനെയല്ല. ഇപ്പോഴുള്ളത് നരകമാണ് അതിനാൽ ഒരാൾക്കും പറയാൻ കഴിയില്ല ഞങ്ങളുടെ പക്കൽ ധനവും സമ്പത്തും എല്ലാം ഉണ്ട് അതിനാൽ ഞങ്ങൾക്ക് ഇത് സ്വർഗ്ഗം തന്നെയാണെന്ന്. ഇങ്ങനെ സംഭവിക്കില്ല. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. സത്യയുഗം കഴിഞ്ഞുപോയി, ഈ സമയത്ത് ഉണ്ടാകില്ല. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യമാണ്. ബാബ ഇരുന്ന് എല്ലാകാര്യങ്ങളും മനസ്സിലാക്കിത്തരുന്നു. സത്യയുഗത്തിൽ ഇവരുടെ രാജ്യമുണ്ടായിരുന്നു. ഭാരതവാസികളെ ആ സമയത്ത് സത്യയുഗീ എന്നാണ് വിളിച്ചിരുന്നത്. ഇപ്പോൾ തീർച്ചയായും കലിയുഗി എന്നു വിളിക്കും. സത്യയുഗിയായിരുന്നപ്പോൾ അതിനെ സ്വർഗ്ഗം എന്നു വിളിച്ചു. നരകത്തെയും സ്വർഗ്ഗം എന്ന് വിളിക്കും എന്നല്ല. മനുഷ്യർക്ക് അവരവരുടെ അഭിപ്രായമാണ്. ധനത്തിന്റെ സുഖമുണ്ട് സ്വയം സ്വർഗ്ഗത്തിലാണ് എന്ന് കരുതുന്നു. എന്റെ പക്കൽ ഒരുപാട് സമ്പത്തുണ്ട് അതിനാൽ ഞാൻ സ്വർഗ്ഗത്തിലാണ്. പക്ഷേ വിവേകം പറയുന്നുണ്ട് അല്ല എന്ന്. ഇത് നരകം തന്നെയാണ്. ആരുടെയെങ്കിലും പക്കൽ 10-20 ലക്ഷം തന്നെ ഉണ്ടായാലും ഇത് രോഗിയായ ലോകമാണ്. സത്യയുഗത്തെ നിരോഗി ലോകം എന്നാണ് പറയുക. ലോകം ഇതുതന്നെയാണ്. സത്യയുഗത്തിൽ ഇതിനെ യോഗി ലോകം എന്നു വിളിക്കും, കലിയുഗത്തിൽ ഇതിനെ ഭോഗി ലോകം എന്നു വിളിക്കും. അവിടെ യോഗികളാണ് എന്തെന്നാൽ വികാരങ്ങളുടെ ഭോഗ-വിലാസങ്ങൾ അവിടെയുണ്ടാകില്ല. അതിനാൽ ഇത് സ്ക്കൂളാണ് ഇവിടെ ശക്തിയുടെ കാര്യമില്ല. ടീച്ചർ ശക്തി കാണിക്കുന്നുണ്ടോ? പ്രധാനമായും ലക്ഷ്യമുണ്ടാകും ഞാൻ ഇന്നതായി മാറുമെന്ന്. നിങ്ങൾ ഈ പഠിപ്പിലൂടെ മനുഷ്യനിൽ നിന്നും ദേവതയായി മാറും. എന്തെങ്കിലും മന്ത്രം, മന്ത്രവാദം, അല്ലെങ്കിൽ തന്ത്രവിദ്യയുടെ കാര്യമില്ല. ഇത് സ്ക്കൂളാണ്. സ്ക്കൂളിൽ മന്ത്രതന്ത്രത്തിന്റെ കാര്യമുണ്ടാകുമോ? പഠിച്ച് ചിലർ ഡോക്ടറും ചിലർ വക്കീലന്മാരുമായി മാറുന്നു. ഈ ലക്ഷ്മീ നാരായണന്മാരും മനുഷ്യരായിരുന്നു, പക്ഷേ പവിത്രമായിരുന്നു അതിനാലാണ് അവരെ ദേവീ ദേവതകൾ എന്ന് വിളിച്ചത്. പവിത്രമായി തീർച്ചയായും മാറണം. ഇത് പതിതവും പഴയതുമായ ലോകമാണ്.

മനുഷ്യർ കരുതുന്നത് പഴയ ലോകമാകാൻ ഇനിയും ലക്ഷക്കണക്കിന് വർഷം ബാക്കിയുണ്ട് എന്നാണ്. കലിയുഗത്തിനു ശേഷമേ സത്യയുഗം വരൂ. ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. ഈ സംഗമത്തെക്കുറിച്ച് ആർക്കും അറിയില്ല. സത്യയുഗത്തിന് ലക്ഷക്കണക്കിന് വർഷങ്ങൾ നൽകുന്നു. ഈ കാര്യങ്ങൾ ബാബ വന്ന് മനസ്സിലാക്കിത്തരുകയാണ്. ബാബയെ വിളിക്കുന്നത് സുപ്രീം സോൾ എന്നാണ്. ആത്മാക്കളുടെ അച്ഛനെ ബാബാ എന്ന് വിളിക്കും. രണ്ടാമത് ഒരുപേരും ഇല്ല. ബാബയുടെ പേര് ശിവൻ എന്നാണ്. ശിവക്ഷേത്രത്തിലേയ്ക്കും പോകുന്നുണ്ട്. പരമാത്മാ ശിവഭഗവാനെ നിരാകാരൻ എന്നുതന്നെയാണ് പറയുന്നത്. ബാബയ്ക്ക് മനുഷ്യ ശരീരമില്ല. നിങ്ങൾ ആത്മാക്കൾ ഇവിടെ പാർട്ട് അഭിനയിക്കാൻ വരുന്നു അപ്പോഴാണ് നിങ്ങൾക്ക് മനുഷ്യ ശരീരം ലഭിക്കുന്നത്. ബാബ ശിവനാണ്, നിങ്ങൾ സാളിഗ്രാമങ്ങളും. ശിവന്റേയും സാളിഗ്രാമങ്ങളുടേയും പൂജ ഉണ്ടാകുന്നു എന്തുകൊണ്ടെന്നാൽ ചൈതന്യത്തിൽ കടന്ന് പോയതാണ്. എന്തോ ചെയ്തിട്ടു പോയതിനാലാണ് അവരുടെ പേര് പാടപ്പെടുന്നത് അഥവാ പൂജിക്കപ്പെടുന്നത്. മുൻ ജന്മത്തിലെ കാര്യം ആർക്കും അറിയില്ല. ഈ ജന്മത്തിലാണെങ്കിൽ മഹിമ പാടുന്നു, ദേവീ ദേവതകളുടെ പൂജ ചെയ്യുന്നു. ഈ സമയത്തും അനവധി നേതാക്കൻമാരുണ്ട്. ഏതെല്ലാം നല്ല നല്ല സാധു സന്യാസി മാർ കടന്ന് പോയോ, അവരുടെയും പ്രതിമ ആദരിക്കുന്നതിനായി നിർമ്മിക്കുന്നുണ്ട്. ഇവിടെ ഏറ്റവും കൂടുതൽ ആരുടെ പേരാണ് പാടപ്പെടുന്നത്? ഏറ്റവും വലുതിലും വലുത് ആരാണ്? ഉയർന്നതിലും ഉയർന്നത് ഒരേയൊരു ഭഗവാനാണ്. ആ ഭഗവാൻ നിരാകാരനാണ് അവരുടെ മഹിമ തീർത്തും വേറിട്ടതാണ്. ദേവതകളുടെ മഹിമ വേറെയാണ്, മനുഷ്യരുടെ മഹിമ വേറെയാണ്. മനുഷ്യരെ ദേവത എന്ന് വിളിക്കില്ല. ദേവതകളിൽ സർവ്വഗുണങ്ങളുമുണ്ടായിരുന്നു, ലക്ഷ്മീ നാരായണന്മാർ രാജ്യം ഭരിച്ച് പോയവരല്ലേ. അവർ പവിത്രമായിരുന്നു, വിശ്വത്തിന്റെ അധികാരികളായിരുന്നു, അവരുടെ പൂജയും ചെയ്യുന്നു എന്തുകൊണ്ടെന്നാൽ പവിത്രവും പൂജ്യരുമായിരുന്നു, അപവിത്രമായവരെ പൂജ്യർ എന്ന് വിളിക്കില്ല, അപവിത്രമായവർ സദാ പവിത്രമായവരെ പൂജിക്കുന്നു. കന്യക പവിത്രമായിരിക്കുമ്പോൾ എല്ലാവരും പൂജിക്കുന്നു പിന്നീട് അപവിത്രമായി മാറുമ്പോൾ എല്ലാവരുടേയും കാലുപിടിക്കേണ്ടിവരുന്നു. ഈ സമയത്ത് എല്ലാവരും പതിതമാണ്, സത്യയുഗത്തിൽ എല്ലാവരും പാവനമായിരുന്നു. അത് പവിത്രലോകമാണ്, കലിയുഗമാണ് പതിതലോകം അതിനാലാണ് പതിതപാവനനായ ബാബയെ വിളിക്കുന്നത്. എപ്പോൾ പവിത്രമാണോ അപ്പോൾ വിളിക്കുന്നില്ല. ബാബ സ്വയം പറയുന്നു സുഖത്തിൽ ആരും എന്നെ ഓർമ്മിക്കുന്നില്ല. ഭാരതത്തിന്റെ തന്നെ കാര്യമാണ്. ബാബ വരുന്നതുതന്നെ ഭാരതത്തിലാണ്. ഭാരതം തന്നെയാണ് ഈ സമയത്ത് പതിതമായിരിക്കുന്നത്, ഭാരതം തന്നെയാണ് പാവനമായിരുന്നത്. പാവനമായ ദേവതകളെ കാണണമെങ്കിൽ ക്ഷേത്രങ്ങളിൽ ചെന്ന് നോക്കൂ. ദേവതകൾ എല്ലാവരും പാവനമാണ്, അവരിൽ മുഖ്യന്മാരായ തലവന്മാരെ ക്ഷേത്രങ്ങളിൽ കാണിക്കുന്നു. ഈ ലക്ഷ്മീ നാരായണന്മാരുടെ രാജ്യത്തിൽ എല്ലാവരും പാവനമായിരുന്നു, എങ്ങനെയാണോ രാജാവും റാണിയും അതുപോലെയായിരുന്നു പ്രജകളും എന്നാൽ ഈ സമയത്ത് എല്ലാവരും പതിതമാണ്. എല്ലാവരും വിളിച്ചുകൊണ്ടിരിക്കുന്നു – പതിതപാവനാ വരൂ എന്ന്. സന്യാസി ഒരിയ്ക്കലും കൃഷ്ണനെ ഭഗവാൻ എന്നോ ബ്രഹ്മമെന്നോ അംഗീകരിക്കില്ല. അവർ കരുതുന്നത് ഭഗവാൻ നിരാകാരനാണ്, ഭഗവാന്റെ രൂപവും നിരാകാര രീതിയിലാണ് പൂജിക്കപ്പെടുന്നത് എന്നാണ്. കൃത്യമായ നാമം ശിവൻ എന്നാണ്. നിങ്ങൾ ആത്മാക്കൾ എപ്പോഴാണോ ഇവിടെ വന്ന് ശരീരം ധാരണ ചെയ്യുന്നത് അപ്പോൾ നിങ്ങൾക്ക് പേര് ലഭിക്കുന്നു. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് അടുത്ത് ചെന്ന് എടുക്കുന്നു. 84 ജന്മം ആവശ്യമാണല്ലോ. 84 ലക്ഷം ഇല്ല. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ് ഇതേ ലോകം സത്യയുഗമായിരുന്നപ്പോൾ പുതിയതായിരുന്നു, നേരുള്ളതായിരുന്നു. ഇതേ ലോകം പിന്നീട് നേരില്ലാത്തതായി മാറുന്നു. അതാണ് സത്യഖണ്ഢം, അവിടെ എല്ലാവരും സത്യം പറയുന്നവരായിരിക്കും. ഭാരതത്തെ സത്യഖണ്ഢം എന്നാണ് വിളിക്കുന്നത്. അസത്യഖണ്ഢം തന്നെയാണ് പിന്നീട് സത്യഖണ്ഢമായി മാറുന്നത്. സത്യമായ ബാബതന്നെയാണ് വന്ന് സത്യഖണ്ഢം സ്ഥാപിക്കുന്നത്. ബാബയെ സത്യമായ അധികാരി, ട്രൂത്ത് എന്നെല്ലാം വിളിക്കുന്നു, എന്നാൽ ഇത് അസത്യഖണ്ഢമാണ്. മനുഷ്യൻ എന്ത് പറയുന്നോ അത് അസത്യമാണ്. വിവേകശാലികൾ ദേവതകളാണ്, അവരെയാണ് മനുഷ്യർ പൂജിക്കുന്നത്. ബുദ്ധിവാന്മാർ എന്നും ബുദ്ധിയില്ലാത്തവർ എന്നും പറയാറുണ്ട്. ബുദ്ധിശാലിയാക്കി മാറ്റുന്നത് ആരാണ് പിന്നീട് ബുദ്ധിയില്ലാത്തവരാക്കി മാറ്റുന്നത് ആരാണ്? ഇതും ബാബ പറഞ്ഞുതരുന്നു. സർവ്വഗുണ സമ്പന്നരായ ബുദ്ധിശാലികളാക്കി മാറ്റുന്നത് ബാബയാണ്. ബാബ സ്വയം വന്ന് തന്റെ പരിചയം നൽകുന്നു. എങ്ങനെയാണോ നിങ്ങൾ ആത്മാക്കൾ ഇവിടെ വന്ന് ശരീരത്തിൽ പ്രവേശിച്ച് പാർട്ട് അഭിനയിക്കുന്നത് അതുപോലെ ഞാനും ഒരേയൊരു തവണ വന്ന് ഇദ്ദേഹത്തിൽ പ്രവേശിക്കുന്നു. നിങ്ങൾക്ക് അറിയാം ബാബ ഒന്നേയുള്ളു. ബാബയെത്തന്നെയാണ് സർവ്വശക്തിവാൻ എന്നു പറയുന്നത്. സ്വയം സർവ്വശക്തിവാൻ എന്നു പറയാൻ സാധിക്കുന്ന ഒരു മനുഷ്യനും ഇല്ല. ലക്ഷ്മീ നാരായണനേയും പറയാൻ സാധിക്കില്ല എന്തുകൊണ്ടെന്നാൽ അവർക്കും ശക്തി നൽകാൻ മറ്റൊരാളുണ്ട്. പതിത മനുഷ്യരിൽ ശക്തിയുണ്ടാകില്ല. ആത്മാവിൽ എന്ത് ശക്തിയാണോ ഉള്ളത് അത്

പതുക്കെ പതുക്കെ കുറഞ്ഞുവരുന്നു അർത്ഥം ആത്മാവിലെ സതോപ്രധാന ശക്തി തമോപ്രധാന ശക്തിയായി മാറുന്നു. എങ്ങനെയാണോ മോട്ടറിലെ ഇന്ധനം കഴിയുമ്പോൾ മോട്ടർ പ്രവർത്തനം നിർത്തുന്നത് അതുപോലെ. ഈ ബാറ്ററി മിനിറ്റിന് മിനിറ്റിന് ഡിസ്ചാർജ് ആവില്ല, ഇതിന് പൂർണ്ണ സമയം ലഭിച്ചിട്ടുണ്ട്. കലിയുഗത്തിന്റെ അന്ത്യത്തിൽ ബാറ്ററി തണുക്കുന്നു. ആദ്യം സതോപ്രധാനമായ വിശ്വത്തിന്റെ അധികാരിയായിരുന്നു, ഇപ്പോൾ തമോപ്രധാനമാണ് അതിനാൽ ശക്തി കുറവാണ്. ശക്തിയില്ല. കാലണയ്ക്ക് വിലയില്ലാത്തവരായി മാറി. ഭാരതത്തിൽ ദേവീ ദേവത ധർമ്മമുണ്ടായിരുന്നപ്പോൾ അവർ പൊൻപണത്തോളം വിലയുള്ളവരായിരുന്നു. ധർമ്മമാണ് ശക്തി എന്ന് പറയാറുണ്ട്. ദേവതാ ധർമ്മത്തിൽ ശക്തിയുണ്ട്. വിശ്വത്തിന്റെ അധികാരികളാണ്. എന്ത് ശക്തിയാണ് ഉണ്ടായിരുന്നത്? യുദ്ധം ചെയ്യാനുള്ള ശക്തിയല്ല ഉണ്ടായിരുന്നത്. ശക്തി ലഭിക്കുന്നത് സർവ്വശക്തിവാനായ ബാബയിൽ നിന്നാണ്. ശക്തി എന്നാൽ എന്ത് വസ്തുവാണ്?

ബാബ മനസ്സിലാക്കിത്തരുന്നു– മധുര മധുരമായ കുട്ടികളേ, നിങ്ങളുടെ ആത്മാവ് സതോപ്രധാനമായിരുന്നു, ഇപ്പോൾ തമോപ്രധാനമാണ്. വിശ്വത്തിന്റെ അധികാരിയിൽ നിന്നും മാറി വിശ്വത്തിന്റെ അടിമയായിരിക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്നു– ഈ 5 വികാരങ്ങളാകുന്ന രാവണൻ നിങ്ങളുടെ മുഴുവൻ ശക്തിയും തട്ടിയെടുത്തിരിക്കുന്നു അതിനാൽ ഭാരതവാസികൾ പാപ്പരായി മാറി. ശാസ്ത്രജ്ഞരിൽ ഒരുപാട് ശക്തിയുണ്ട് എന്ന് കരുതരുത്, അത് ശക്തിയൊന്നുമല്ല. ഇത് ആത്മീയ ശക്തിയാണ്. ഇത് സർവ്വശക്തിവാനായ ബാബയുമായി യോഗം വെയ്ക്കുന്നതിലൂടെ ലഭിക്കുന്നതാണ്. സയൻസും സൈലൻസും തമ്മിൽ ഈ സമയത്ത് യുദ്ധം നടക്കുകയാണ്. നിങ്ങൾ സൈലൻസിലേയ്ക്ക് പോവുകയാണ്, അതിലൂടെ നിങ്ങൾക്ക് ബലം ലഭിക്കുന്നു. സൈലൻസിന്റെ ബലം നേടി നിങ്ങൾ സൈലൻസിന്റെ ലോകത്തിലേയ്ക്ക് പോകും. ബാബയെ ഓർമ്മിച്ച് സ്വയം ശരീരത്തിൽ നിന്നും വേറിടുന്നു. ഭക്തിമാർഗ്ഗത്തിൽ ഭഗവാന്റെ അടുത്തേയ്ക്ക് പോകുന്നതിനായി നിങ്ങൾ ഒരുപാട് പ്രയത്നിച്ചിട്ടുണ്ട്. പക്ഷേ സർവ്വവ്യാപിയാണ് എന്ന് പറഞ്ഞതുകാരണം വഴി ലഭിച്ചതില്ല. തമോപ്രധാനമായി മാറിയിരിക്കുന്നു. ഇത് പഠിപ്പാണ്, പഠിപ്പിനെ ശക്തി എന്നു പറയില്ല. ബാബ പറയുന്നു ആദ്യം പവിത്രമാകൂ പിന്നീട് ഈ സൃഷ്ടിയുടെ ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്നത് മനസ്സിലാക്കൂ. ജ്ഞാനസാഗരൻ ബാബയാണ്, ഇതിൽ ശക്തിയുടെ ഒരു കാര്യവുമില്ല. കുട്ടികൾക്ക് ഈ സൃഷ്ടി ചക്രം എങ്ങനെയാണ് കറങ്ങുന്നത് എന്നത് അറിയില്ല, നിങ്ങൾ അഭിനേതാക്കളല്ലേ, പാർട്ടുധാരികളല്ലേ. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. മുമ്പ് മനുഷ്യരുടെ നാടകങ്ങൾ നടക്കുമായിരുന്നു, അതിനാൽ അവിടവിടെ മാറ്റങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ ഇപ്പോഴാണെങ്കിൽ സിനിമയാണ് നിർമ്മിക്കുന്നത്. ബാബയ്ക്കും സിനിമയെ ഉദാഹരണമാക്കി മനസ്സിലാക്കിത്തരുന്നത് സഹജമാണ്. അത് ചെറിയ സിനിമയാണ്, എന്നാൽ ഇത് വലുതാണ്. നാടകത്തിൽ അഭിനേതാവിനെ മാറ്റാൻ സാധിക്കും. എന്നാൽ ഇതാണെങ്കിൽ അനാദിയായ ഡ്രാമയാണ്. ഒരു തവണ എന്താണോ ഷൂട്ട് ചെയ്യപ്പെട്ടത് പിന്നീട് അത് മാറില്ല. ഈ മുഴുവൻ ലോകവും പരിധിയില്ലാത്ത സിനിമയാണ്. ശക്തിയുടെ ഒരു കാര്യവുമില്ല. അംബയെ ശക്തി എന്നു വിളിക്കുന്നു എങ്കിലും പേരുണ്ടല്ലോ. അംബാ എന്ന് എന്തുകൊണ്ടാണ് വിളിക്കുന്നത്? എന്ത് ചെയ്താണ് പോയത്? ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഉയർന്നതിലും ഉയർന്നത് അംബയും ലക്ഷ്മിയുമാണെന്ന്. അംബ തന്നെയാണ് പിന്നീട് ലക്ഷ്മിയായി മാറുന്നത്. ഇതും നിങ്ങൾ കുട്ടികൾ മാത്രമേ മനസ്സിലാക്കുന്നുള്ളു. നിങ്ങൾ നോളേജ്ഫുള്ളായും മാറുന്നു പിന്നീട് നിങ്ങളെ പവിത്രതയും പഠിപ്പിക്കുന്നു. ആ പവിത്രത അരകല്പം നിലനിൽക്കും. പിന്നീട് ബാബ തന്നെയാണ് വന്ന് പവിത്രതയുടെ വഴി പറഞ്ഞുതരുന്നത്. ബാബയെ വിളിക്കുന്നതുതന്നെ ഈ സമയത്തിലേയ്ക്കായാണ് വന്ന് വഴി കാണിക്കൂ വഴികാട്ടിയായി മാറൂ എന്ന് പറയുന്നു. ബാബ പരമാത്മാവാണ്, സുപ്രീമിന്റെ പഠിപ്പിലൂടെ ആത്മാവ് സുപ്രീമായി മാറുന്നു. സുപ്രീം എന്ന് പവിത്രമായവരെയാണ് പറയുന്നത്. ഇപ്പോൾ ഇവിടെ എല്ലാവരും പതിതമാണ്, ബാബ സദാ പാവനമാണ്, വ്യത്യാസമില്ലേ. സദാ പാവനനായ ബാബ വന്ന് എല്ലാവർക്കും സമ്പത്ത് നൽകുന്നു പഠിപ്പിക്കുന്നു, സ്വയം വന്ന് പറയുന്നു ഞാൻ നിങ്ങളുടെ അച്ഛനാണ്. എനിക്ക് തീർച്ചയായും രഥം വേണം, ഇല്ലെങ്കിൽ ആത്മാവ് എങ്ങനെ സംസാരിക്കും. രഥവും പ്രശസ്തമാണ്. ഭാഗ്യശാലീ രഥം എന്ന് പാടാറുണ്ട്. ഭാഗ്യശാലീ രഥം എന്നത് മനുഷ്യനാണ്, അല്ലാതെ കുതിര വണ്ടിയോ, വാഹനമോ അല്ല. ഇരുന്ന് മനുഷ്യർക്ക് മനസ്സിലാക്കിത്തരാൻ മനുഷ്യരഥം തന്നെയാണ് ആവശ്യം. പിന്നീട് അവർ കുതിരവണ്ടിയും മറ്റും ഇതിനുപകരം കാണിച്ചു. ഭാഗ്യശാലി രഥം എന്ന് മനുഷ്യനെയാണ് പറയുന്നത്. ഇവിടെ പല മൃഗങ്ങൾക്കും വളരെ നല്ല പരിചരണം ലഭിക്കുന്നുണ്ട് എന്നാൽ മനുഷ്യർക്ക് പോലും ഇത്രയും പരിചരണം ലഭിക്കുന്നില്ല. നായയെ എത്ര സ്നേഹിക്കുന്നു. കുതിരയെ, അതുപോലെ പശുവിനേയും സ്നേഹിക്കുന്നു. നായയുടെ പ്രദർശിനികൾ നടത്തുന്നു. ഇതൊന്നും അവിടെയുണ്ടാകില്ല. എന്താ ലക്ഷ്മീ നാരായണൻ നായയെ വളർത്തുമോ?

ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം ഈ സമയത്ത് എല്ലാവരുടേയും തമോപ്രധാനബുദ്ധിയാണ്, അതിനെ സതോപ്രധാനമാക്കി മാറ്റണം. മനുഷ്യർ സേവിക്കേണ്ട തരത്തിൽ അവിടെ കുതിരയൊന്നും ഉണ്ടായിരിക്കില്ല. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ് – നിങ്ങളുടെ അവസ്ഥ എന്തായിരിക്കുന്നു എന്നു നോക്കൂ. രാവണൻ ഈ അവസ്ഥയിലാക്കി, രാവണൻ നിങ്ങളുടെ ശത്രുവാണ്. പക്ഷേ നിങ്ങൾക്ക് അറിയില്ല ഈ രാവണന്റെ ജന്മം എപ്പോഴാണ് ഉണ്ടായത് എന്ന്. ശിവബാബയുടെ ജന്മത്തെക്കുറിച്ചും അറിയില്ല അതുപോലെ രാവണന്റെ ജന്മത്തെക്കുറിച്ചും അറിയില്ല. ബാബ പറഞ്ഞുതരുന്നു ത്രേതയുടെ അന്തിമത്തിനും ദ്വാപരത്തിന്റെ ആരംഭത്തിനും ഇടയിലാണ് രാവണൻ വരുന്നത്. രാവണന് 10 തല എന്തുകൊണ്ടാണ് നൽകിയിരിക്കുന്നത്? ഓരോ വർഷവും എന്തുകൊണ്ടാണ് കത്തിക്കുന്നത്? ഇതും ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നതിനായി പഠിക്കുകയാണ്, ആരാണോ പഠിക്കാത്തത് അവർക്ക് ദേവതയാകാൻ സാധിക്കില്ല. അവർ പിന്നീട് വരും പക്ഷേ അപ്പോഴേയ്ക്കും രാവണരാജ്യം ആരംഭിച്ചിട്ടുണ്ടാകും. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ ദേവതാ ധർമ്മത്തിലേതായിരുന്നു ഇപ്പോൾ വീണ്ടും തൈ നട്ടുകൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു ഞാൻ ഓരോ 5000 വർഷങ്ങൾക്കും ശേഷം വന്ന് നിങ്ങളെ ഇങ്ങനെ പഠിപ്പിക്കും. ഈ സമയത്ത് മുഴുവൻ സൃഷ്ടിയുടേയും വൃക്ഷം പഴയതാണ്. പുതിയതായിരുന്നപ്പോൾ ഒരേയൊരു ദേവീദേവതാ ധർമ്മം മാത്രമേ ഉണ്ടായിരുന്നുള്ളു പിന്നീട് പതുക്കെ പതുക്കെ താഴേയ്ക്ക് ഇറങ്ങി വന്നു. ബാബ നിങ്ങൾക്ക് 84 ജന്മങ്ങളുടെ കണക്ക് പറഞ്ഞുതരുന്നു എന്തുകൊണ്ടെന്നാൽ ബാബ ജ്ഞാനസാഗരനല്ലേ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) സൈലൻസിന്റെ ശക്തിയെ ശേഖരിക്കണം. സൈലൻസിന്റെ ശക്തിയിലൂടെ സൈലൻസിന്റെ ലോകത്തിലേയ്ക്ക് പോകണം. ബാബയുടെ ഓർമ്മയിലൂടെ ശക്തി എടുത്ത് അടിമത്വത്തിൽ നിന്നും മോചിതരാവണം, അധികാരിയായി മാറണം.

2) പരമമായയാളുടെ പഠിപ്പ് പഠിച്ച് ആത്മാവിനെ പരമമാക്കി മാറ്റണം. പവിത്രതയുടെതന്നെ വഴിയിലൂടെ നടന്ന് പവിത്രമായി മാറി മറ്റുള്ളവരേയും ആക്കിമാറ്റണം. വഴികാട്ടിയായി മാറണം.

## വരദാനം:- അല്ലാഹുവിനെ അറിയുന്ന, പവിത്രതയുടെ സ്വധർമത്തെ തന്റേതാക്കുന്ന വിശേഷ ആത്മാവായി ഭവിക്കട്ടെ.

ബാപ്ദാദയ്ക്ക് സന്തോഷമുണ്ടാകുന്നു- എന്റെ ഓരോരോ കുട്ടിയും വിശേഷആത്മാവാണ്- വയസരാകട്ടെ, പഠിപ്പില്ലാത്തവരാകട്ടെ, കൊച്ചുകുട്ടിയാകട്ടെ, യുവാവാകട്ടെ അല്ലെങ്കിൽ ഗൃഹസ്ഥരാകട്ടെ എന്നാൽ വിശ്വത്തിനു മുന്നിൽ വിശേഷപ്പെട്ടവരാണ്. ലോകത്ത് ആര് എത്ര തന്നെ വലിയ നേതാവായാലും അഭിനേതാവായാലും ശാസ്ത്രജ്ഞരായാലും പക്ഷേ അല്ലാഹുവിനെ അറിയുന്നില്ല എങ്കിൽ എന്തറിഞ്ഞു! താങ്കൾ നിശ്ചയബുദ്ധിയായി ഉടൻ പറയുന്നു- നിങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കൂ ഞങ്ങൾ നേടിക്കഴിഞ്ഞു. ഗൃഹസ്ഥത്തിൽ കഴിഞ്ഞും പവിത്രതയുടെ സ്വധർമത്തെ സ്വന്തമാക്കി എങ്കിൽ പവിത്രആത്മാവ് വിശേഷ ആത്മാവായി.

## സ്ലോഗൻ:- ആര് സദാ സന്തോഷത്തോടെ ജീവിക്കുന്നുവോ അവരാണ് സ്വയത്തിനും സർവർക്കും പ്രിയരാകുന്നത്.